**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 136 — 21.03.2012-ൽ മറുപടിയ്ക്ക്

# തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള പുതിയ മേഖലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, പി.എ. മാധവൻ<br>,, എം. എ. വാഹീദ്<br>,, ലൂഡി ലൂയിസ് | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി) |

**ചോദ്യം**

എ. തൊഴിലുറപ്പ് പദ്ധതിയിൽ കേന്ദ്ര സർക്കാർ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന പുതിയ മേഖലകൾ ഏതെല്ലാമെന്നും ഇത് എന്ന് മുതൽക്കാണ് ഉൾപ്പെടുത്തുന്നതെന്നും അറിയിക്കുമോ ;

**ഉത്തരം**

എ. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്ക്കരിക്കുന്നതിന് ഡോ: മിഹിർഷാ അദ്ധ്യക്ഷനായുള്ള സമിതിയെ കേന്ദ്രസർക്കാർ നിയമിച്ചു. ഈ സമിതി തയ്യാറാക്കിയ കരട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ താഴെ പറയുന്ന പുതിയ മേഖലകൾ ഉൾപ്പെടുത്തുവാൻ ശുപാർശ ചെയ്തിട്ടുള്ളതായി അറിവായിട്ടുണ്ട്.

1. നീർത്തടാധിഷ്ഠിത പ്രവർത്തികൾ.
2. മലമ്പ്രദേശങ്ങളിലെ നീർത്തട പ്രവർത്തികൾ.
3. കൃഷിയും അനുബന്ധ പ്രവർത്തികളും.
4. മൃഗസംരക്ഷണ പ്രവർത്തികൾ.
5. മത്സ്യബന്ധന പ്രവർത്തികൾ.
6. തീരദേശ പ്രവർത്തികൾ.
7. കുടിവെള്ളവുമായി ബന്ധപ്പെട്ട പ്രവർത്തികൾ.
8. ശുചിത്വ പ്രവർത്തനങ്ങൾ.

**ചോദ്യം**

ബി. പദ്ധതിയുടെ ജോലി സമയം, വേതന വർദ്ധനവ് എന്നിവയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

**ഉത്തരം**

ബി. തൊഴിലുറപ്പ് പദ്ധതിയുടെ ജോലി സമയം, വേതനം എന്നിവ പരിഷ്ക്കരിക്കുന്നതു സംബന്ധിച്ച തീരുമാനമെടുക്കേണ്ടത് കേന്ദ്രസർക്കാരാണ്. ജോലി സമയം വിശ്രമമുൾപ്പെടെ 7 മണിക്കൂറായി കുറയ്ക്കുന്നതിനും വേതനം 200/- രൂപയായി വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ചോദ്യം**

സി. കാർഷിക പരമ്പരാഗത ഗ്രാമീണ മേഖലകൾക്ക് ഇതുമൂലം ഉണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാമാണ് എന്നും പുതിയ മേഖലകളിൽ പ്രായോഗികമായ രീതിയിൽ പദ്ധതി ഉപയോഗപ്പെടുത്തുവാൻ ആവശ്യമായ ചർച്ചകൾ നടത്തുമോ എന്നും വ്യക്തമാക്കുമോ ?

**ഉത്തരം**

സി. തൊഴിലുറപ്പ് പദ്ധതിയിൽ പുതിയ പ്രവൃത്തിയിനങ്ങൾ കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷം മാത്രമേ ഇതുമൂലം സംസ്ഥാനത്തു നടക്കുന്ന മാറ്റങ്ങളെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്താൻ കഴിയൂ.

സെക്ഷൻ ഓഫീസർ.